**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **29-07-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (എ) | ആലത്തൂർ മണ്ഡലത്തിൽ നിലവിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കി.മീ എച്ച്.റ്റി. ലൈൻ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 20 കമ്മ്യൂണിക്കബിൾ ഫോൾട്ട് പാസ് ഡിറ്റക്റ്ററുകൾ (CFPD) സ്ഥാപിക്കുകയും, എൽ.റ്റി. റീകണ്ടക്ടറിങ്ങ് പ്രവൃത്തികൾ, എ.ബി. സ്വിച്ച് സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ എന്നിവ ഉൾപ്പടെ ഏകദേശം മൂന്ന് കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലത്തൂർ ടൗണിൽ സുഗമമായ വൈദ്യുതി വിതരണത്തിനായി ഭൂഗർഭ കേബിൾ ഉപയോഗിച്ച് ഏകദേശം ഒരു കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന പ്രവൃത്തിയുടെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കിഴക്കഞ്ചേരി മലയോര മേഖലകളിൽ സുഗമമായ വൈദ്യുതി വിതരണത്തി നായി എ.ബി.സി ഉപയോഗിച്ചുള്ള പ്രവർത്തികളുടെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിലുള്ള 4.9 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ വിഭാവനം ചെയ്യുകയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കു കയും ചെയ്യുന്നുണ്ട്. ആലത്തൂർ മണ്ഡലത്തിൽ കണ്ണമ്പ്ര‌ള്ളി 66 കെ.വി സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി ആയി ഉയർത്തുന്നതിനും, അതിനോടനുബന്ധിച്ചുള്ള ലൈൻ 110 കെ.വി ആയി നവീകരിക്കുന്നതിനും വേണ്ടി 1804 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ